## പതിമൂന്നാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 443** **09.02.2016-ൽ മറുപടിയ്ക്ക്**

# വൈദ്യുതി ചാർജ്ജ് ഓൺലൈനിൽ.

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സി. പി. മുഹമ്മദ് :<br>ശ്രീ. ജോസഫ് വാഴയ്ക്കൻ :<br>ശ്രീ. അൻവർ സാദത്ത് :<br>ശ്രീ. വി. ഡി. സതീശൻ : | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പു മന്ത്രി) |

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് വൈദ്യുതി ചാർജ്ജ് ഓൺലൈനിൽ അടക്കുവാൻ പദ്ധതി നടപ്പാക്കി യിട്ടുണ്ടോ ; | (എ) | ഉണ്ട്. |
| (ബി) | എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശി ക്കുന്നത് ; | (ബി) | കെ.എസ്.ഇ.ബി.യുടെ ഔദ്യോഗിക വെബ്സൈറ്റ് ആയ www.kseb.in മുഖേന പ്രമുഖ ബാങ്കുകൾ വഴി നെറ്റ് ബാങ്കിങ്ങിലൂടെയും, വിസാ / മാസ്റ്റർ കാർഡ് തുടങ്ങിയ ഡെബിറ്റ് / ക്രെഡിറ്റ് കാർഡുകൾ മുഖേനയും ഇന്റർനെറ്റ് വഴി ഓൺലൈനായി വൈദ്യുതി ചാർജ്ജ് അടയ്ക്കുന്നതിനുള്ള സൗകര്യവും സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ, സൗത്ത് ഇന്ത്യൻ ബാങ്ക്, ഫെഡറൽ ബാങ്ക്, കനറ ബാങ്ക് എന്നീ ബാങ്കുകൾ മുഖേന ഡയറക്ട് നെറ്റ് ബാങ്കിംഗ് സൗകര്യവും ഉപഭോക്താക്കൾക്ക് ലഭ്യമാക്കുക, പണമടച്ചതിന്റെ വിശദാംശങ്ങൾ തത്സമയം തന്നെ ഉപഭോക്താക്കൾ നൽകിയ മൊബൈൽ നമ്പറിലോ, ഇ-മെയിൽ വിലാസത്തിലോ ലഭ്യമാക്കുക, ആർ.എ.പി.ഡി.ആർ.പി പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കി വരുന്ന ഓൺലൈൻ സംവിധാനത്തിൽ ഉപഭോക്താ ക്കൾക്ക് രജിസ്റ്റർ ചെയ്യുന്നതിനും, രജിസ്റ്റർ ചെയ്തിട്ടുള്ള എല്ലാ കൺസ്യൂമർ നമ്പറിലേയും പണം അടയ്ക്കുന്നതിനുള്ള ബില്ലുകൾ തിരഞ്ഞെടുത്ത് അവ ഓൺലൈനായി അടയ്ക്കുന്നതിനും സൗകര്യം ലഭ്യമാക്കുക, മുൻ കാലങ്ങളിലുള്ള വൈദ്യുതി ബില്ലുകളുടെ വിശദാംശങ്ങൾ, പണമടച്ചതിന്റെ വിവരങ്ങൾ, വൈദ്യുതി ഉപഭോഗം സംബന്ധിച്ച |

വിശദാംശങ്ങൾ എന്നിവ ഉപഭോക്താക്കൾക്ക് ആവശ്യാനുസരണം അറിയാൻ കഴിയുക എന്നിവയാണ് ഈ പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ.

(സി) പദ്ധതി നടപ്പാക്കാൻ ഭരണതല ത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

(സി) വൈദ്യുതി ചാർജ്ജ് ഓൺലൈനായി അടയ്ക്കുന്ന സംവിധാനം നടപ്പാക്കുന്നതിന്റെ ഭാഗമായി, ഉപഭോക്താക്കൾക്ക് സംശയ നിവാരണത്തിനും പരാതികൾ പരിഹരിക്കുന്നതിനും ഉള്ള സേവനം, ആർ.എ.പി.ഡി.ആർപി. പദ്ധതിയുടെ ഭാഗമായി വൈദ്യുതി ബോർഡ് ആരംഭിച്ചിട്ടുള്ള 24 മണിക്കൂറും പ്രവർത്തിക്കുന്ന കസ്റ്റമർ കെയർ സെന്റർ വഴി നൽകി വരുന്നു. വൈദ്യുതി ബോർഡിലെ ബില്ലിംഗിനായി ഉപയോഗിക്കുന്ന സോഫ്റ്റ്‌വെയറിൽ വേണ്ട മാറ്റങ്ങൾ വരുത്തി എല്ലാ സെക്ഷൻ ഓഫീസുകളിലും വിന്യസിച്ചിട്ടുണ്ട്. വൈദ്യുതി ബോർഡിലെ എല്ലാ ഡിവിഷൻ ഓഫീസുകളിലും കേന്ദ്രീകരിച്ച് മീറ്റിംഗുകൾ വിളിച്ചു ചേർക്കുകയും ഓൺലൈൻ സംവിധാനവുമായി ബന്ധപ്പെട്ടു പ്രവർത്തിക്കുന്ന ജീവനക്കാർക്ക് ഈ സംവിധാനം ഫലപ്രദമായി വിനിയോഗിക്കുന്നതിനു വേണ്ടി ചെയ്യേണ്ട കാര്യങ്ങൾ വിശദമാക്കി കൊടുക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ വൈദ്യുതി ബോർഡ് ചെയർമാൻ നേരിട്ടു തന്നെ വിതരണ വിഭാഗത്തിലെ ഉയർന്ന ഓഫീസർമാരുടെ യോഗം രണ്ടു തവണ വിളിച്ചു ചേർക്കുകയും ഓൺലൈൻ സംവിധാനം ഫലപ്രദമായി പ്രവർത്തിക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

സെക്ഷൻ ഓഫീസർ.